# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3697 17.10.2011 - ൽ മറുപടിക്ക്

### കെ.ഡബ്ള്യു.എ. യുടെ പദ്ധതികളുടെ അവലോകനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കെ.ഡബ്ള്യു.എ. യുടെ കീഴിൽ പദ്ധതികൾ നടന്നു വരുന്ന മണ്ഡലങ്ങളിൽ പദ്ധതി അവലോകനവും പ്രവർത്തനവും പരിശോധിക്കാനും ത്വരിതപ്പെടുത്തുവാനും സുതാര്യമാക്കുവാനും കെ.എസ്.ഇ.ബി. യുടെ മാതൃകയിൽ മണ്ഡലം അടിസ്ഥാനത്തിൽ ജനപ്രതിനിധികളെയും (തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉൾപ്പെടെ) ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഉപദേശക സമിതികൾ രൂപീകരിക്കാമോ; | (എ) | 26.11.1996-ലെ ജി.ഒ(എം.എസ്) നമ്പർ 83/96/Ir.D ഗവൺമെന്റ് വിജ്ഞാപനപ്രകാരം ഇറിഗേഷൻ വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവർത്തനങ്ങളുടെ നടത്തിപ്പിനും പദ്ധതികളുടെ പുരോഗമനം അവലോകനം ചെയ്യുന്നതിലേയ്ക്കുമായി മണ്ഡലം എം.എൽ.എ ചെയർമാനും കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായി ഒരു ആറംഗ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന വർക്കല ജലസേചന പദ്ധതി ചുവപ്പ് നാടയിൽ കുരുങ്ങി നിർവ്വഹണ പ്രവർത്തനങ്ങൾ നിലച്ചത് ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; ഇപ്പോൾ ഇത് പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ജലവിതരണ ശൃംഖലയുടെ 1210 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ